"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആഭ്യന്തര വകുപ്പ്- ഹൈക്കോടതി ജീവനക്കാര്യം-കേരള ഹൈക്കോടതി സർവീസിൽ ലിഫ്റ്റ് ഓപ്പറേറ്ററുടെ നാല് തസ്തികകൾ നിർത്തലാക്കി പകരം, പുതിയ നാല് **പ്രോട്ടോക്കോൾ അസിസ്റ്റന്റ് തസ്തികകൾ** സൃഷ്ടിക്കുന്നതിന്-അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആഭ്യന്തര (സി) വകുപ്പ്**

സ.ഉ.(കൈ) നം.79/2025/HOME തീയതി,തിരുവനന്തപുരം, 11-04-2025

---

പരാമർശം:- കേരള ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 08.08.2024, 10.09.2024, 16.12.2024 എന്നീ തീയതികളിലെ HCKL/3812/2024-A7 നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ വിഭാഗത്തിൽ ജീവനക്കാരുടെ എണ്ണം കുറവായതിനാൽ പ്രസ്തുത വിഭാഗത്തിലെ ജീവനക്കാർക്ക് തങ്ങളുടെ ഡ്യൂട്ടി ഫലപ്രദമായി നിർവഹിക്കുവാൻ കഴിയുന്നില്ലെന്ന വസ്തുത പരിഗണിച്ച് പ്രോട്ടോക്കോൾ വിഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എല്ലാ തലങ്ങളിലും ഫലപ്രദമായ രീതിയിൽ നടത്തുന്നതിനും, ബഹുമാനപ്പെട്ട ജഡ്ജിമാർക്കും ഹൈക്കോടതി സന്ദർശിക്കുന്ന വിശിഷ്ടാതിഥികൾക്കും 24 മണിക്കൂറും സേവനം നൽകുന്നതിനും നാല് പ്രോട്ടോക്കോൾ അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണെന്ന് വിലയിരുത്തുകയും അതനുസരിച്ച്, സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും വരുത്താതെ, ലിഫ്റ്റ് ഓപ്പറേറ്ററുടെ (ശമ്പള സ്കെയിൽ 25,100-57,900 രൂപ) നാല് തസ്തികകൾ നിർത്തലാക്കിക്കൊണ്ട് 25,100-57900 രൂപ ശമ്പള സ്കെയിലിൽ നാല് പുതിയ പ്രോട്ടോക്കോൾ അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരാമർശ കത്ത് പ്രകാരം കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹൈക്കോടതി സർവ്വീസിൽ നാല് ലിഫ്റ്റ് ഓപ്പറേറ്റർ (ശമ്പള സ്കെയിൽ 25,100 - 57,900 രൂപ) തസ്തികകൾ നിർത്തലാക്കിക്കൊണ്ട്, **25,100 - 57,900/- രൂപ** ശമ്പള സ്കെയിലിൽ നാല് പുതിയ **പ്രോട്ടോക്കോൾ അസിസ്റ്റന്റ് തസ്തികകൾ** കേരള ഹൈക്കോടതി സർവീസിൽ സൃഷ്ടിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) പ്രസ്തുത തസ്തികയുടെ യോഗ്യത, നിയമനരീതി, കർത്തവ്യങ്ങൾ എന്നിവ രജിസ്ട്രാർ ജനറൽ വ്യക്തമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബിശ്വനാഥ് സിൻഹ

അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

രജിസ്ട്രാർ ജനറൽ, ഹൈക്കോടതി,എറണാകുളം ( ആമുഖ കത്ത് സഹിതം)

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്),കേരള , തിരുവനന്തപുരം

ധനകാര്യ വകുപ്പ് ( 2935788/EXP-D2/228/2024-FIN dated 20.02.2025 പ്രകാരം)

പൊതുഭരണ(എസ്.സി) വകുപ്പ് (ഇനം നം 2833 തീയതി 09.04.2025 പ്രകാരം)

വെബ്ബ് & ന്യൂ മീഡിയ, ഐ&പി. ആർ.ഡി ( സർക്കാർ വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sreekumar. S
Date: 11-04-2025 14:26:50

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 09-04-2025

ഫയൽ നം. സി2/306/2024/ആഭ്യന്തരം. ഇനം നം: 2833

വിഷയം : ആഭ്യന്തര വകുപ്പ് - ലിഫ്റ്റ് ഓപ്പറേറ്ററുടെ നാല് തസ്തികകൾ നിർത്തലാക്കിക്കൊണ്ട്, പുതിയ നാല് പ്രോട്ടോക്കോൾ അസിസ്റ്റന്റ് തസ്തികകൾ കേരള ഹൈക്കോടതി സർവ്വീസിൽ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ശാരദ മുരളീധരൻ
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

10 ... 2025

Sectt. 31. ...

2833

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/306/2024/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ലിഫ്റ്റ് ഓപ്പറേറ്ററുടെ നാല് തസ്തികകൾ നിർത്തലാക്കിക്കൊണ്ട്, പുതിയ നാല് പ്രോട്ടോക്കോൾ അസിസ്റ്റന്റ് തസ്തികകൾ കേരള ഹൈക്കോടതി സർവീസിൽ സൃഷ്ടിക്കുന്നത്-സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 14.03.2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതേ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ.ജി. ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 19.03.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീമതി. ശാരദ മുരളീധരൻ |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 01.04.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 03.04.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 03.04.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

# <u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

നാല് ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികകൾ നിർത്തലാക്കിക്കൊണ്ട്, പുതിയ നാല് **പ്രോട്ടോക്കോൾ അസിസ്റ്റന്റ് തസ്തികകൾ** കേരള ഹൈക്കോടതി സർവീസിൽ സൃഷ്ടിക്കുന്നതിനുള്ള രജിസ്ട്രാർ ജനറലിന്റെ നിർദേശവുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

2) ഹൈക്കോടതിയിലെ പ്രോട്ടോക്കോൾ വിഭാഗത്തിൽ ജീവനക്കാരുടെ എണ്ണം കുറവായതിനാൽ പ്രസ്തുത വിഭാഗത്തിലെ ജീവനക്കാർ ഡ്യൂട്ടി ഫലപ്രദമായി നിർവഹിക്കുവാൻ പ്രയാസപ്പെടുകയാണെന്ന് രജിസ്ട്രാർ ജനറൽ 08.08.2024 ലെ കത്ത് മുഖേന അറിയിച്ചു പ്രോട്ടോക്കോൾ വിഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എല്ലാ തലങ്ങളിലും ഫലപ്രദമായ രീതിയിൽ നടത്തുന്നതിനും ബഹുമാനപ്പെട്ട ജഡ്ജിമാർക്കും ഹൈക്കോടതി സന്ദർശിക്കുന്ന വിശിഷ്ടാതിഥികൾക്കും 24 മണിക്കൂറും സേവനം നൽകുന്നതിനും നാല് പ്രോട്ടോക്കോൾ അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. അതനുസരിച്ച്, സർക്കാരിന് യാതൊരു സാമ്പത്തിക ബാധ്യതയും വരുത്താതെ, ലിഫ്റ്റ് ഓപ്പറേറ്ററുടെ (25,100-57,900 രൂപ) നാല് തസ്തികകൾ നിർത്തലാക്കിക്കൊണ്ട് 25,100-57900 രൂപ ശമ്പള സ്കെയിലിൽ നാല് പുതിയ പ്രോട്ടോക്കോൾ അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം കേരള ഹൈക്കോടതി രജിസ്ട്രാർ ജനറൽ സമർപ്പിച്ചിട്ടുണ്ട്.

3) ലിഫ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിനും ലിഫ്റ്റുകളിലെ ചെറിയ സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമുള്ള പരിശീലനം ജഡ്ജിമാരുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഓഫീസ് അറ്റൻഡന്റുമാർക്ക് ഉൾപ്പെടെ നൽകിയിട്ടുള്ളതിനാൽ, നാല് പ്രോട്ടോക്കോൾ അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് പകരമായി നാല് ലിഫ്റ്റ് ഓപ്പറേറ്റർ തസ്തികകൾ നിർത്തലാക്കാൻ തീരുമാനിച്ചതായും രജിസ്ട്രാർ ജനറൽ അറിയിച്ചു.

4) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ പ്രസ്തുത വകുപ്പ് ചുവടെ ചേർക്കപ്രകാരം അഭിപ്രായപ്പെട്ടു

*Finance agrees to create four new posts of Protocol Assistant in the scale of pay 25,100- 57,900 by abolishing four posts of Lift Operator (25100-57900)*

*This has approval of Honourable Finance Minister*

5) ഫയൽ ചംക്രമണം ചെയ്തപ്പോൾ പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനിക്കേണ്ട സംഗതി</u>**

നാല് ലിഫ്റ്റ് ഓപ്പറേറ്റർ (ശമ്പള സ്കെയിൽ 25,100 - 57,900 രൂപ) തസ്തികകൾ നിർത്തലാക്കിക്കൊണ്ട്, 25,100 -57,900/- രൂപ ശമ്പള സ്കെയിലിൽ നാല് പുതിയ പ്രോട്ടോക്കോൾ അസിസ്റ്റന്റ് തസ്തികകൾ പ്രസ്തുത തസ്തികയുടെ യോഗ്യത, നിയമനരീതി, കർത്തവ്യങ്ങൾ എന്നിവ വ്യക്തമാക്കി കേരള ഹൈക്കോടതി സർവീസിൽ സൃഷ്ടിക്കുന്നതിന് അനുമതി നൽകാമോ?